ഉത്തരം

(എ) ഡോ. ബി. ജയശങ്കർ, സീനിയർ അസിസ്റ്റന്റ്, ശ്രീ.എം. രവീന്ദ്രൻ നായർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

(ബി) പവർ വകുപ്പിന്റെ 21/8/99 -ലെ ഉത്തരവു പ്രകാരമാണ് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയത്.

(സി) താരീഫ് മോഡൽ വികസനത്തിന്റെ വിവിധവശങ്ങളും അതുമായി ബന്ധപ്പെട്ട സംഗതികളും പഠിക്കുന്നതിന് വേണ്ടിയാണ് മേൽപ്പറഞ്ഞ വ്യക്തികളെ നിയോഗിച്ചത്.

**62 (1910) വൈദ്യുതി ബോർഡിന് നിയമോപദേശം നൽകുന്നതിന് നിയമിക്കപ്പെട്ടവർ**

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന് നിയമോപദേശം നൽകുന്നതിന് വിവിധ തലങ്ങളിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; ഏതെല്ലാം തലങ്ങളിൽ ആരെയെല്ലാമാണ് നിയമിച്ചത്;

(ബി) ഓരോരുത്തരും ശമ്പളം ഉൾപ്പെടെ മൊത്തം എത്ര രൂപയുടെ ആനുകൂല്യം 1996 മുതൽ 1999 മാർച്ച് 31 വരെ കൈപ്പറ്റിയിട്ടുണ്ട്;

(സി) വിവിധ തലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള വക്കീലന്മാർ എത്ര വർഷത്തെ സ്റ്റാന്റിംഗ് ഉള്ളവരാണ്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബോർഡ് സെക്രട്ടറിയേറ്റിൽ ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസറുടെ ഒരു തസ്തികയുണ്ട്. ബോർഡിന്റെ കേസ്സുകൾ നടത്തുന്നതിനായി വിവിധ കോടതികളിലായി 37 അഡ്വക്കേറ്റുമാരെ നിയമിച്ചിട്ടുണ്ട്. അഡ്വക്കേറ്റിനെ പ്രത്യേകം നിയമിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ബോർഡിന്റെ കേസ്സുകൾ ഗവൺമെന്റ് പ്ലീഡർമാരാണ് നടത്തുന്നത്. അഡ്വക്കേറ്റുമാരുടെ വിശദവിവരം അനുബന്ധം 1- ൽ ചേർത്തിട്ടുണ്ട്.

(ബി) 1996 മാർച്ച് മുതൽ 1999 മാർച്ച് 31 വരെ ശമ്പളയിനത്തിൽ ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ 741166 രൂപയും ടി.എ. ഇനത്തിൽ 1,08,326 രൂപയും കൈപ്പറ്റിയിട്ടുണ്ട്. അഡ്വക്കേറ്റുമാർക്ക് ശമ്പളമോ മറ്റാനുകൂല്യങ്ങളോ നൽകുന്നില്ല. അതാതു കേസ്സുകളിൽ വക്കീൽ ഫീസ് ചട്ടങ്ങൾ പ്രകാരം അനുവദനീയമായ ഫീസ് മാത്രമേ നൽകുന്നുള്ളു. 1996 മുതൽ 1999 മാർച്ച് 31 വരെ നൽകിയ ഫീസിന്റെ വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.†

(സി) വിശദവിവരങ്ങൾ ഉടനെ ലഭ്യമല്ല

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly